# വചനവിചിന്തനം നവംബർ 1 ഞായർ, 2009

# Mt : 16 : 13 - 20

"നീ പത്രോസാണ്, ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും" (16 : 18)

നീ പത്രോസാണ് എന്ന യേശുവിന്റെ പ്രഖ്യാപനം; പിന്നെ ഒരു ജീവിതനാടകത്തിലെ ഫ്ളാഷ് ബാക്ക്. മിന്നിപ്പൊലിയുന്ന വെളിച്ചത്തിൽ പത്രോസ് എന്ന മനുഷ്യന്റെ ഭൂതകാലത്തിലേയ്ക്കാണ് തിരശീല മാറ്റപ്പെടുന്നത്. ഇപ്പോൾ നാം നിൽക്കുന്നത് ഗലീലിക്കടലിന്റെ തീരത്ത്. ഏറ്റങ്ങളും ഇറക്കങ്ങളും പവിഴവും പിന്നൊരിക്കൽ വറുതിയും, സമാധാനവും അസ്വസ്തതയുമൊക്കെ മാറി മാറി വിളമ്പുന്ന കടൽ. ഇതിന്റെ തീരത്തുനിൽക്കുന്നത് പക്ഷേ പത്രോസല്ല, ശിമയോനാണ്. യേശു ശിമയോനെ വിളിക്കുന്ന ഇവിടെ മുതൽവേണം അവന്റെ കഥ പറഞ്ഞു തുടങ്ങാൻ.

ശിമയോൻ, പത്രോസ് എന്നീ രണ്ടു നാമരൂപങ്ങൾ മനുഷ്യന്റെ രണ്ടു സ്വഭാവങ്ങളുടെ അടയാളപ്പെടുത്തലുകളാണ് - ഇരുളും വെളിച്ചവും മാറി മാറി ഭരിക്കുന്ന ഒരു ഭൂഖണ്ഡമാണ് അവൻ എന്ന് മനുഷ്യരെപ്പറ്റിയുള്ള 'ഒരു സങ്കീർത്തനം പോലെ...'

ശിമയോൻ: ഞാങ്ങണപോലെ ഇളകുന്നവൻ എന്നതാ പേരിന്റെ ധ്വനി; ആടിഉലയുന്നവൻ....

ആരൊക്കെ മറന്നാലും ഞാൻ നിന്നെവിട്ടുപോകില്ല, ഉപേക്ഷിക്കില്ല എന്നൊക്കെ പറഞ്ഞിട്ട് തൊട്ടടുത്ത നിമിഷം ഗുരു കൽത്തളത്തിൽ നിൽക്കുമ്പോൾ ഒന്ന് എത്തിനോക്കിയിട്ട് അവന്റെ മുൾമുടികളിൽ നിന്ന് ഓടിരക്ഷപെടുന്നവൻ... പക്ഷേ കോഴികൂവുന്ന ഇടവേളകൾക്കപ്പുറത്ത് കണ്ണുനീറി അനുതാപത്തോടെ മടങ്ങിവരികയാണ്. എന്നിട്ടോ ക്രിസ്തുവിന്റെ മരണം അവശേഷിപ്പിച്ച ശൂന്യതയിൽ ഇരുളിന്റെ മറപറ്റി പഴയ വള്ളവും വലയും തേടിപ്പോകുന്നുണ്ട് ശിമയോൻ. പിന്നെ ഒന്ന് ഇരുണ്ടു വെളുക്കുന്നതിനു മുമ്പേ "മക്കളേ" എന്ന് തീരത്തുനിന്നൊരു വിളികേൾക്കുമ്പോൾ അതിൽ ആരും കൊടുക്കാത്ത സ്നേഹം ചുരക്കുന്നതറിഞ്ഞിട്ട് അത് ക്രിസ്തുവാണ് എന്ന തിരിച്ചറിവോടെ എല്ലാം ഉപേക്ഷിച്ച് തീരത്തേയയ്ക്ക് നീന്തുന്നവൻ..

അവൻ ശിമയോനാണ്, ബലഹീനതകളുടെ മനുഷ്യൻ. അതറിഞ്ഞിട്ടുതന്നെയായിരിക്കുമല്ലോ ഗലീലി തടാകത്തിന്റെ തീരത്തുവച്ച് അവനെ ചൂണ്ടിക്കൊണ്ട് ക്രിസ്തു - "നീ ശിമയോനാണ് " എന്ന് അവന്റെ സ്വഭാവത്തെ അടയാളപ്പെടുത്തിയത്.

എല്ലാ പ്രതിസന്ധികൾക്കുമൊപ്പം വല്ലാതെ ഉലയുന്നവനാണ് ശിമയോൻ എന്നറിഞ്ഞിട്ട് അവനെ ഉരുക്കി ശിലാതുല്യനാക്കാനാണ് പിന്നെ യേശുവിന്റെ ശ്രമം. അതുകൊണ്ടാണ് തന്റെ അജപാലക ദൗത്യത്തിനായി അവനെ ഒരുക്കാൻ ഒരു ഏറ്റുപറച്ചിലിന് അവനെ ക്രിസ്തു പ്രേരിപ്പിക്കുന്നത് ; അത് ഇങ്ങനെയാണ് - യോനായുടെ പുത്രനായ ശിമയോനെ

നീ എന്നെ സ്നേഹിക്കുന്നുവോ? എന്ന് മൂന്നാവർത്തി ചോദിച്ചുകൊണ്ട്. മൂന്നാമത്തെ ചോദ്യത്തിനുത്തരം പറയുമ്പോഴേയ്ക്കും തന്റെ ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ നിക്ഷേപം വല്ലാതെ ചുരുങ്ങിയതാണെന്നറിഞ്ഞിട്ട് ദു:ഖിക്കുന്നവൻ. പക്ഷേ അതുമതി ക്രിസ്തുവിന്. തുടർന്ന് അവൻ പറഞ്ഞു ഇനിമേൽ നീ പത്രോസാണ്. ( ശിമയോനല്ല.)

സ്നേഹത്തിന്റെ ഏറ്റുപറച്ചിലുകളിൽ സ്നാനപ്പെടുമ്പോഴേയ്ക്കും അവൻ പത്രോസായി.

പത്രോസ് എന്നാൽ പാറ എന്നർത്ഥം ഇളകാതെ, അടിയുറച്ചു നിൽക്കുന്നവൻ. പിന്നീടവൻ കുരിശിനെ പ്രണയിച്ചും പീഠാനുഭവങ്ങളെ കൃപകളാക്കിയും ഇടറാതെ നടക്കുകയാണ്.

ക്രിസ്തുവിനോടുള്ള ഈ സ്നേഹത്തിന്റെ ഉറപ്പാണ് പാറയിലൂടെ അടയാളപ്പെടുത്തിയത്. ഈ പാറമേലാണ് ക്രിസ്തു തന്റെ സഭ സ്ഥാപിച്ചത്.

ഈശോയ്ക്കു തന്നെ അവബോധമുണ്ടായിരുന്നതുപോലെ, പാറമേൽ അടിസ്ഥാനമിട്ട് സ്ഥാപിക്കപ്പെടുന്ന ഭവനം വീണു പോകില്ല. കൊടുങ്കാറ്റും വെള്ളപ്പൊക്കവും....ഒന്നും അതിനെ തകർക്കില്ല. അതല്ലേ സെന്റ്. പോളിന്റെ സക്ഷ്യം. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആർക്കെന്നെ വേർപെടുത്താനാവും... ഉയരത്തിനോ.. ആഴത്തിനോ, ആപത്തിനോ, നഗ്നതയ്ക്കോ... വാളിനോ...ഒരു കൊടുങ്കാറ്റിനും അതിനെ തകർക്കാനാവില്ല.

അടിസ്ഥാന ശില ഈ സ്നേഹാനുഭവമാണ്. അതിനു മുകളിൽ വയ്ക്കപ്പെടുന്ന ഓരോ കല്ലും ഒരു സ്നേഹ കൂട്ടായ്മയാണ് പണിയുന്നത്. അതാണ് ക്രിസ്തുവിന്റെ സഭ.

ശിമയോൻ എന്നു പറയുന്ന ഉപേക്ഷിക്കപ്പെട്ട കല്ല്, പണിക്കാർ അവഗണിച്ച കല്ല്, മൂലക്കല്ലായി തീർന്നു എന്നു കേൾക്കുന്നിടത്ത് ഒരു ആശ്വാസത്തിന്റെ താളബോധമുണ്ട്. കാരണം സഭയിലെ സ്നേഹക്കൂട്ടായ്മയിലെ ഒരു കല്ലായി മാറാൻ നിന്റെ ഭൂതകാലവും ബലഹീനതകളും പരിഗണിക്കപ്പെടുന്നില്ല എന്നതല്ലേ അതിന്റെ അർത്ഥം. ഒറ്റപ്പെടുത്തപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമൊക്കെ അവനോടുള്ള സ്നേഹത്തിന്റെ ഏറ്റുപറച്ചിലിൽ സ്നാനപ്പെടുന്നതോടെ ഓർമ്മിക്കാൻ ആഗ്രഹിക്കാത്ത ഭൂതകാലത്തിലെ എല്ലാ കറകളും അപ്രത്യക്ഷമാകുന്നു. പിന്നെ നിന്നിലൂടെയാണ് സഭ ഉയർത്തപ്പെടുന്നത്. കാരണം നീ ശിമയോനാണ് എന്ന് ക്രിസ്തുവിനറിയാം. നിന്റെ ബലഹീനതകളെ സ്നേഹത്തിന്റെ ചില വർത്തമാനങ്ങളും കൊണ്ട് തൈലം പുരട്ടി സുഖപ്പെടുത്തുന്നവനാണ് ക്രിസ്തു. പിന്നെയെന്നും നീ പത്രോസാണ്.

ജെറെമി: 18 കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കുന്ന പാത്രം ചിലപ്പോൾ ശരിയാകാതെ പോകും.. അപ്പോൾ അവൻ വീണ്ടും അതുകൊണ്ട് തനിക്കിഷ്ടമുള്ള രൂപത്തിൻ മെനയും....

നീ ഉടഞ്ഞ മൺപാത്രമാണെങ്കിൽ കൂടി ഭയപ്പെടേണ്ട. ഒരു മനോഹരമായ പാത്രമാക്കി മാറ്റാൻ അവനു (കുശവനു) കഴിയും. ശിമയോനെ പത്രോസാക്കുന്ന സർഗ്ഗക്രിയ ഇന്നും തുടരുന്നുണ്ട്. എത്രയോ പേരുടെ സാക്ഷ്യങ്ങൾക്ക് നാം ചെവി കൊടുത്തിട്ടുണ്ട്. പ്രത്യേകിച്ച് നവീകരണ മുന്നേറ്റങ്ങളിലൂടെയൊക്കെ. ഇടറുന്ന വഴികളിൽ അനുതാപത്തിന്റെ ഏറ്റുപറച്ചിലുകളിലൂടെ പാറപോലത്തെ സ്നേഹാനുഭവത്തിൽ ഒരു കല്ലുകൂട്ടിച്ചേർത്ത് നമുക്കും സഭ പണിയാം.

**ഫാ. അലക്സ് വേലച്ചേരി.**